(ഡി) ഉണ്ട്. തെരഞ്ഞെടുത്ത റേഷൻ കടകൾവഴി വിതരണം നടത്തുന്നുണ്ട്. മുളക്, മല്ലി, കടുക്, ജീരകം, ഉലുവ, ഉഴുന്ന്, കടല, തുവര പരിപ്പ്, പീസ് പരിപ്പ്, വൻപയർ, ചെറുപയർ, ശബരി തേയില, പി.ഡി.എസ്. ആട്ട തുടങ്ങിയ സാധനങ്ങളാണ് വിതരണം ചെയ്യുന്നത്.

(ഇ) മാവേലി സ്റ്റോർവഴി വിതരണം ചെയ്യുന്ന എല്ലാ നിത്യോപയോഗ സാധനങ്ങളും തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾവഴിയും വിതരണം ചെയ്യുന്നതിന് ഒരു സ്കീം തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇപ്രകാരം കേന്ദ്ര നിർദ്ദേശം ലഭിച്ചതായി കാണുന്നില്ല.

ഗോരക്ഷാ പദ്ധതി

*21 [79] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു:

,, കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ ഗോരക്ഷാ പദ്ധതിപ്രകാരം കുത്തിവയ്പ്പ് നടത്തി പശുക്കൾ ചത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പശുക്കൾ ചത്തൊടുങ്ങാനുള്ള കാരണവും സാഹചര്യവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) പശുക്കൾ ചത്തൊടുങ്ങിയ കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്താകെ 11.75 ലക്ഷം പ്രതിരോധ കുത്തിവയ്പ്പുകൾ നടന്നതിൽ 29 കന്നുകാലികൾ (11 പശുവും 18 ആടുകളും) പ്രതിരോധ കുത്തിവയ്പ്പിന്റെ പാർശ്വഫലംമൂലം മരണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനും കർഷകർക്കുണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ദൂരീകരിക്കുന്നതിനും അർഹരായിട്ടുള്ളവർക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം എന്നീ മൂന്നു ജില്ലകളിലുള്ള കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിൽ നഷ്ടപരിഹാരം നൽകുന്നതിന് ജി.ഒ. (എം.എസ്.) നമ്പർ 5/05/എഡി. തീയതി 11-1-2005 പ്രകാരം ഉത്തരവായിട്ടുണ്ട്.

കയർ മേഖലയിലെ നവീകരണ പദ്ധതികൾ

*22 [80] ശ്രീ. കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കയർ മേഖലയുടെ നവീകരണത്തിനുവേണ്ടി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ കയർ മേഖലയിൽ ആവശ്യത്തിന് തൊണ്ട് ലഭ്യമാകാതിരിക്കുമ്പോൾ തമിഴ്നാട്ടിലേക്ക് തൊണ്ട് കടത്തിക്കൊണ്ടു പോയി അവിടെ നിന്നും കൂടിയ വിലയിൽ ചകിരി കേരളത്തിൽ വിൽപ്പനയ്ക്ക് എത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കയർ മേഖലയുടെ നവീകരണ പദ്ധതികളുടെ ഭാഗമായി ഇവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഗുണമേന്മയുള്ളതും വൈവിധ്യമാർന്നതുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്ന സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്. കയർ വ്യവസായ മേഖലയിൽ പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (CFSC) ആരംഭിക്കുന്നതിന് സഹായം നൽകിവരുന്നു. സംയോജിത കയർ വികസന പദ്ധതി (ICDP) സഹകരണ മേഖലയിൽ 56 യന്ത്രവൽക്കൃത ചകിരി മില്ലുകൾ സ്ഥാപിക്കുവാൻ സാമ്പത്തിക സഹായം നൽകിയിരുന്നതിൽ 35 എണ്ണം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly